**കേരള സർക്കാർ**

**(സംഗ്രഹം)**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- പൂർണ്ണമായ ഭാഷാമാറ്റം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും പുരസ്കാരം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ(കൈയ്യെഴുത്ത്) നമ്പർ. 05/2017 ഉഭപവ തിരുവനന്തപുരം, തീയതി 08/02/2017

---

പരാമർശം:- 1. 2015 നവംബർ 24-ാംതീയതി നടന്ന ഓദ്യോഗികഭാഷാ സംസ്ഥാന സമിതി യോഗത്തിന്റെ തീരുമാനം

## ഉത്തരവ്

സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനുവേണ്ടി രൂപീകരിച്ച ഔദ്യോഗികഭാഷാ സംസ്ഥാനതല സമിതിയുടെ യോഗത്തിൽ ഏറ്റവും കൂടുതൽ ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതും ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളം ആക്കുന്നതിനുവേണ്ടി കർമ്മപരിപാടി തയ്യാറാക്കി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതുമായ വകുപ്പിനും ജില്ലയ്ക്കും ഓരോ വർഷവും പ്രത്യേക പുരസ്കാരം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ച് താഴെപറയുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

### നിബന്ധനകൾ

1. പുരസ്കാരം നൽകുന്നതിന് തൊട്ട് മുൻപുള്ള കലണ്ടർ വർഷം മലയാളത്തിൽ ചെയ്ത ജോലികളാണ് പരിഗണിക്കുന്നത്. ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് സഹായകമാകുന്ന തരത്തിൽ മലയാളത്തിൽ ചെയ്യുന്ന എല്ലാവിധ ജോലികളും പരിഗണിക്കുന്നതാണ്.
2. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി കർമ്മ പരിപാടി തയ്യാറാക്കി സർക്കാർ ആവിഷ്കരിച്ചുവരുന്ന വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിന് സഹായകമായിട്ടുള്ള പ്രവർത്തനം കണക്കിലെടുക്കുന്നതാണ്.
3. ഭാഷാമാറ്റ പുരോഗതി പൂർണ്ണമായും കൈവരിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ സർക്കാർ ഉത്തരവുകളും സർക്കുലറുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടുള്ള പ്രവർത്തനവും ഔദ്യോഗികഭാഷാ സംബന്ധിച്ചുള്ള വകുപ്പുതല/വകുപ്പുതല ഏകോപന/ ജില്ലാതല സമിതികളുടെ പ്രവർത്തനവും ഭാഷാമാറ്റ പുരോഗതിയും കണക്കിലെടുക്കുന്നതാണ്.

4. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാർ നയം സെക്രട്ടറിയേറ്റ്, ഡയറക്ടറേറ്റ് ജില്ല എന്നിവിടങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേക്കായി സ്വീകരിച്ച നടപടികളും നിർദ്ദേശങ്ങളും കണക്കിലെടുക്കുന്നതാണ്.

5. വകുപ്പുതല പുരസ്കാരത്തിന് വകുപ്പുകളുടെയും അതിനു കീഴിൽ വരുന്ന ഓഫീസുകളുടെയും പ്രവർത്തനം കണക്കിലെടുക്കുന്നതാണ്. ജില്ലാതല പുരസ്കാരത്തിന് കളക്ടറേറ്റുകളുടെയും അനുബന്ധ ഓഫീസുകളുടെയും പ്രവർത്തനവും അതോടൊപ്പം ജില്ലാതല സമിതികളുടെ പ്രവർത്തനവും ജില്ലയിൽ നടത്തിയ ഭാഷാമാറ്റ പ്രവർത്തനവും കണക്കിലെടുക്കുന്നതാണ്.

വകുപ്പുതല/ജില്ലാതല പുരസ്കാരത്തിന് ആധാരമായിട്ടുള്ള വിഷയങ്ങൾ ഔദ്യോഗികഭാഷാ വകുപ്പ് പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതും പ്രസ്തുത റിപ്പോർട്ട് അഡീഷണൽ ചീഫ് സെക്രട്ടറിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായും ഓദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറി കൺവീനറായും ഓദ്യോഗികഭാഷാ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, ഭാഷാ വിദഗ്ധൻ, ഒരു അനൗദ്യോഗിക അംഗം തുടങ്ങിയവർ അംഗങ്ങളായുള്ള സമിതി പരിശോധിക്കുന്നതും ജേതാക്കളെ പ്രഖ്യാപിക്കുന്നതുമാണ്. പൂർണ്ണമായ ഭാഷാമാറ്റം കൈവരിക്കുന്ന ഏറ്റവും നല്ല വകുപ്പിന് 25,000/- രൂപയും ഫലകവും പ്രശസ്തി പത്രവും ജില്ലയ്ക്ക് 20,000/- രൂപയും ഫലകവും പ്രശസ്തി പത്രവും പുരസ്കാരമായി നൽകുന്നതാണ്. ഇതിലേക്ക് ആവശ്യമായ തുക "മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ വക കൊള്ളിച്ച് ചെലവാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിരിക്കും പ്രകാരം ഭരണഭാഷയുമായി ബന്ധപ്പെട്ട് ഏറ്റവും നല്ല വകുപ്പിനും ജില്ലയ്ക്കും പുരസ്കാരം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എം. വിജയാനന്ദ്**
ചീഫ് സെക്രട്ടറി

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വകുപ്പുതല മേധാവികൾ
ജില്ലാ കളക്ടർമാർ
എല്ലാ വകുപ്പുകളുടേയും ജില്ലാതല/മേഖലാതല ഓഫീസർമാർ (വകുപ്പ് മേധാവി മുഖേന)
വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ